QP CODE: 20101218

20101218

Reg No : ....................

Name : ....................

# B A/B.Sc DEGREE (CBCS) EXAMINATION, NOVEMBER 2020

## Second Semester

## Common course II - ML2CCT02 - മലയാളം- കവിത

(Common for Model I BA/B.Sc Programmes)

2017 ADMISSION ONWARDS

D0A2EE88

**Instructions to Private candidates only**: This question paper contains **two sections.** Answer **Section I** questions in the answer-book provided. **SECTION II** Internal Examination questions must be answered in the question paper itself. Follow the detailed instructions given under **SECTION II**.

SECTION I

Time: 3 Hours Max. Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

1. "പ്രണയ നിഭൃത ചിത്ത മങ്ങനങ്ങാ-
തിണകളെ നോക്കി മൃഗങ്ങളൊക്കെ നിന്നു"- സന്ദർഭമെഴതുക.

2. "വിറയൊടുമിണമുമ്പു വിസ്ലുടാംശം
ചിറകു വിതിർത്ത കപോതി പോലണഞ്ഞാൾ" - ആര്? സന്ദർഭമെഴുതുക.

3. " ഒഴിഞ്ഞു കിടക്കുന്നതിന്റെ
ആത്മസംഘർഷത്താൽ
പിടയുകയായിരുന്നു
ആ കെട്ടിടം " - വിശദീകരിക്കുക.

4. "കാരമുള്ളിൽ കുരുങ്ങിയ നേരിൻ
നീരുനക്കി നുണയുന്ന നേരം" - വിശദമാക്കുക.

5. "കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണുവേണം മുകളിലും താഴേം"- ഈ ഉപദേശം ആരുടേത്?

6. "എങ്കിൽ
നീയും
ഒരവതാരമായിരുന്നേനെ " - എന്ന് കവി സംശയിക്കുന്നതെന്തുകൊണ്ട് ?

7. "നിന്റെ വീട്
കല്ലിൽ പണിതുമിനുക്കിയ ശില്പം
എന്റേത്
നിലാവുമിരുട്ടും ചേർത്തു കുഴച്ചൊരു മൺകുടിൽ" - വിശദമാക്കുക.

8. 'ഒറ്റക്കു വീണുമരിക്കാൻ പഠിച്ചുകഴിഞ്ഞു ഞാൻ ' എന്ന പ്രസ്താവന ഏതു സാഹചര്യത്തിലാണ് ഉണ്ടാവുതെന്ന് വിശദീകരിക്കുക.

9. " പിന്നെ പയ്ക്കുന്നവർ നമ്മുടെ വിരുന്നു മേശകൾ ആക്രമിക്കുകയില്ലല്ലോ "? - ഈ വിചാരം ആരുടേത് ? വിശദമാക്കുക.

10. "പല കാലത്തിൽ
പല പ്രായത്തിൽ
പല ഞാനുകൾ
കുട്ടമ്മാനുചുറ്റുമോടി " - വ്യാഖ്യാനിക്കുക.

11. "ഒരു പുഴയും മുഴുവൻ മീനുകളെയും വിട്ടു കൊടുക്കില്ല " - എന്ന് കവി പറയാനുണ്ടായ സാഹചര്യമെന്ത് ?

12. "ഞാനതിനെ വാത്സല്യത്തോടെ എടുത്ത്
ജാലകപ്പുറത്തു കാത്തു നിന്ന
മേഘത്തെയേല്പിച്ചു" - ഇങ്ങനെ ചെയ്യാൻ കവിയെ പ്രേരിപ്പിച്ചതെന്ത്?

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *5* മാർക്ക് വീതം.

13. വെറ്റില ചെല്ലം എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

14. "ആകുമോ ഭവാന്മാർക്കു നികത്താൻ
ലോക സാമൂഹ്യ ദുർനിയമങ്ങൾ
സ്നേഹ സുന്ദരപാതയിലൂടെ " - കവിയുടെ ഈ വെല്ലുവിളി ഏതു സാഹചര്യത്തിലാണ് ഉണ്ടാവുന്നത്?

15. 'കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ വേറിട്ട ഒരു ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു' - കുന്നിമണികൾ എന്ന പാഠഭാഗത്ത് തന്നിട്ടുള്ള കവിതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

16. "ലോകാവസാനം വരേക്കും പിറക്കാതെ പോകട്ടെ നീയെൻ മകനേ" -എന്ന് കവി ചിന്തിക്കാൻ കാരണങ്ങൾ എന്തെല്ലാം?

17. 'ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം' എന്ന പഴഞ്ചൊല്ലിനെ പഴഞ്ചൊല്ലുകൾ എന്ന കവിതയിൽ എപ്രകാരമാണ് പുനർവായിക്കുന്നത്?

18. 'പെണ്ണിന്റെ സർഗ്ഗാത്മകതയെ ഞെരുക്കിക്കളയുന്ന സ്ഥാപനമാണ് വീട്' ഈ പ്രസ്താവനയെ ഗോതമ്പുശില്പം എന്ന കവിതയുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുക.

19. ഉഴുന്നമാട് ....... എന്ന പഴഞ്ചൊല്ലിനെ ചൂഷിതന്റെ മോചനം എന്ന സ്വപ്നവുമായി ബന്ധിപ്പിക്കുന്നതെങ്ങനെ?

20. സ്മാരകം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതുക.

21. "മഹാവൃക്ഷങ്ങളും മഹാരഥന്മാരും തിരോഭവിക്കുന്ന ഉത്തരാധുനിക

കാലത്തെ അൻവർ അലി 'ആടിയാടി അലഞ്ഞ മരങ്ങളേ...... ' എന്ന കവിതയിൽ വരച്ചിടുന്നു" - വിശദീകരിക്കുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും *15* മാർക്ക് വീതം.

22. 'പ്രണയം, വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങളെ അതിനിശിതമായി ചോദ്യം ചെയ്യുന്ന കലാപകാരികളാണ് കുമാരനാശാന്റെ നായികമാർ' - ലീല എന്ന കവിതയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക.

23. വൈലോപ്പിള്ളിക്കവിതയുടെ സവിശേഷതകൾ 'സ്നേഹസുന്ദരപാതയിലൂടെ' എന്ന കവിതാഭാഗത്തെ മുൻനിറുത്തി ഉപന്യസിക്കുക.

24. "ആണധികാരത്തിന് കീഴിലെ പെൺജീവിതം" എതിൽ നിന്ന് "അധികാരത്തിന് കീഴിലെ ജീവിതങ്ങൾ " എന്നതിലേക്ക് സംക്രമിക്കുന്ന കവിതയാണ് വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' - പരിശോധിക്കുക.

25. 'സാമ്പ്രദായിക ചരിത്രത്തിൽ ഇടം നേടാത്തവരും ചരിത്രം നിഷകാസിതരാക്കിയവരും എം.ആർ രേണുകുമാറിന്റെ കവിതകളിൽ ഇടം നേടാറുണ്ട്' - കുട്ടമ്മാൻ എന്ന കവിതയെ മുൻ നിറുത്തി ചർച്ച ചെയ്യുക.

(2×15=30)